"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം- നടുവിൽ സർക്കാർ പോളിടെക്‌നിക് കോളേജിൽ ഓട്ടോമൊബൈൽ വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ(എൽ)വകുപ്പ്**

സ.ഉ.(കൈ) നം.201/2026/HEDN തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. സ.ഉ.(കൈ)നം.83/2023/ഉവിവ തീയതി 25-02-2023.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 21-03-2025 തീയതിയിലെ DTETVM/8116/2024-L1(PLA) നമ്പർ കത്ത്.

**ഉത്തരവ്**

2023-24 അക്കാദമിക വർഷം പ്രവർത്തനം ആരംഭിച്ച നടുവിൽ സർക്കാർ പോളിടെക്‌നിക് കോളേജിൽ ഒന്നാം വർഷത്തേക്ക് ഏറ്റവും അനിവാര്യമായ തസ്തികകൾ മാത്രം സൃഷ്ടിച്ച് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. AICTE നിഷ്‌കർഷിച്ചിട്ടുള്ള നിലവിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതവും സംസ്ഥാനത്തെ പോളിടെക്‌നിക് കോളേജുകളിൽ പിന്തുടരുന്ന തസ്തികാ വിന്യാസവും അടിസ്ഥാനമാക്കിയാൽ നടുവിൽ സർക്കാർ പോളിടെക്‌നിക് കോളേജിൽ മൂന്നാം വർഷം മുതൽ ഓരോ ബ്രാഞ്ചിലും വകുപ്പ് മേധാവികളുടെ ഒന്ന് വീതവും ലക്ചറർമാരുടെ 5 വീതവും തസ്തികകൾ ആവശ്യമാണ്. ടി കോളേജിൽ മൂന്നാം ബാച്ചിലേയ്ക്കുള്ള പ്രവേശന നടപടികൾ ആഗതമായിരിക്കുന്ന സാഹചര്യത്തിൽ AICTE മാനദണ്ഡപ്രകാരമുള്ള പൂർണമായ അദ്ധ്യാപക തസ്തികകൾ അനുവദിക്കേണ്ടതുണ്ടെന്നും ആയതിനാൽ ഓട്ടോമൊബൈൽ, സിവിൽ, ഇലക്‌ട്രിക്കൽ എഞ്ചിനീയറിങ് ബ്രാഞ്ചുകളിലേക്ക് 4 വീതം ലക്ചറർ തസ്തികകളും ആദ്യ ഘട്ടത്തിൽ അനുവദിക്കാത്ത ഗണിതശാസ്ത്രം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു അസിസ്റ്റൻറ് പ്രൊഫസർ തസ്തികയും അടിയന്തിരമായി അനുവദിച്ച് നൽ കണമെന്ന് പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, ഓട്ടോമൊബൈൽ വിഭാഗത്തിൽ അദ്ധ്യാപകരുടെ രൂക്ഷമായ കുറവ് മുൻനിർത്തിയും നടുവിൽ സർക്കാർ

പോളിടെക്‌നിക് കോളേജിലെ ഓട്ടോമൊബൈൽ വിഭാഗത്തിൽ 4 ലക്ച്ചറർ തസ്തികകൾ (സ്കെയിൽ ഓഫ് പേ - 56100-177500) സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

Signed by Geetha Lekshmi. G
Date: 14-03-2026 16:26:48
ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പാൾ,സർക്കാർ പോളിടെക്‌നിക് കോളേജ്,നടുവിൽ. (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ &ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, കോട്ടയം.
പൊതുഭരണ എസ്.സി. വകുപ്പ് (13.03.2026 തീയതിയിലെ ക്യാബിനറ്റ് തീരുമാനം ഇനം.നമ്പർ.3910 പ്രകാരം).
ധനകാര്യ വകുപ്പ്(02.03.2026 ലെ 3136355/EDN-C2/117/2025-FIN പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.